# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3243

24.02.2016-ൽ മറുപടിക്ക്.

## പോലീസ് വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ നാളിതുവരെ പോലീസിനായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; ആയതിന് എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കുമോ; | : (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 വിവിധതരം വാഹനങ്ങൾ പോലീസ് വകുപ്പിനായി വാങ്ങിയിട്ടുണ്ട്. ഇതിനായി ആകെ 52,86,32,592/- രൂപ (അമ്പത്തി രണ്ട് കോടി എൺപത്തിയാറ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ഈ കാലയളവിനുള്ളിൽ എത്ര പോലീസ് വാഹനങ്ങൾ ലേലം നടത്തി; ആയതുവഴി എത്ര തുക ഖജനാവിൽ അടച്ചു; | : (ബി) ഈ കാലയളവിൽ 526 വിവിധതരം വാഹനങ്ങളുടെ ലേലം നടത്തുകയും അതുവഴി 4,92,63,359/- രൂപ (നാലു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി മുന്നൂറ്റി അമ്പത്തി ഒമ്പത് രൂപ) സർക്കാരിന് ലഭിച്ചിട്ടുള്ളതുമാണ്. |
| (സി) നിലവിൽ എത്ര വാഹനങ്ങൾ ഉപയോഗശൂന്യമായി കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ; | : (സി) നിലവിൽ 1051 വിവിധതരം വാഹനങ്ങൾ ഉപയോഗ ശൂന്യമായി കിടപ്പുണ്ട്. |
| (ഡി) ഈ സർക്കാർ കാലവളവിൽ നാളിതുവരെ പോലീസ് വാഹനങ്ങൾ ഉൾപ്പെട്ട അപകടം നിമിത്തം എത്ര പേർ മരണപ്പെട്ടു; വിശദമാക്കുമോ; | : (ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ പോലീസ് വാഹനങ്ങൾ ഉൾപ്പെട്ട അപകടം നിമിത്തം 25 പേർ മരണപ്പെടുകയുണ്ടായി. |
| (ഇ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ പോലീസ് പിടിച്ചെടുത്തതും കേസിൽ ഉൾപ്പെട്ടതുമായ എത്ര വാഹനങ്ങൾ ലേലം ചെയ്തിട്ടുണ്ട്; ഇതിലൂടെ എന്തു തുക ലഭിച്ചു; വിശദമാക്കുമോ; | : (ഇ) കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ ലേലം ചെയ്യുവാൻ നിർവ്വാഹമില്ല. ടി വാഹനങ്ങൾ കോടതി തീർപ്പ് കൽപ്പിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. എന്നാൽ അവകാശികൾ ഇല്ലാത്തതും, കേസിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 9967 വാഹനങ്ങൾ ലേലം ചെയ്തതു വഴി 5,32,90,763/- രൂപ (അഞ്ചുകോടി മുപ്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി അറുപത്തി മൂന്ന് രൂപ) ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (എഫ്) ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ കെട്ടികിടക്കുന്നുണ്ട്; ഇവ ലേലം ചെയ്യുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | : (എഫ്) 23693 വിവിധ തരം വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ സൂക്ഷിച്ചു വരുന്നുണ്ട്; ഇവയിൽ അവകാശികൾ ഇല്ലാത്തതും കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ